IV. മുന്നൂറു വാക്കിൽ കവിയാതെ ഉത്തരമെഴുതുക. (**രണ്ടെണ്ണം**)

32. വ്യത്യസ്ഥ വിവർത്തന പദ്ധതികളെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.

33. മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചയിൽ വിവർത്തനങ്ങൾക്ക് സുപ്രധാനമായ പങ്കുണ്ട്. സമർഥിക്കുക.

34. മലയാളത്തിന്റെ വിവർത്തന ചരിത്രം പരിശോധിച്ച് അതിൽ പ്രത്യക്ഷമാകുന്ന വിവിധ പ്രവണതകളെ വിശകലനം ചെയ്യുക.

35. ഇന്ത്യൻ സാഹചര്യത്തിൽ വിവർത്തനത്തിനുള്ള പ്രസക്തിയെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.

**(2 × 15 = 30 Marks)**



St. Xavier's College



**Reg. No. : ............................**

**Name : ................................**

**First Semester B.A. Degree Examination, January 2024**

**Career Related First Degree Programme under CBCSS**

**MALAYALAM AND MASS COMMUNICATIONS**

**Complementary Course I**

**MX 1131 : വിവർത്തനം - ആമുഖവും ചരിത്രവും**

**(2021 Admission onwards)**

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1. എന്താണ് ലക്ഷ്യഭാഷ?

2. ഏത് ഇതിഹാസകൃതിക്കാണ് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ മലയാളത്തിൽ പദാനുപദ വിവർത്തനം തയ്യാറാക്കിയത്?

3. 'ദേവഗീത' പേരിൽ 'ഗീതഗോവിന്ദ'ത്തിന് മലയാളവിവർത്തനം തയ്യാറാക്കിയ കവി?

4. വൈക്കം മുഹമ്മദ് ബഷീറിന്റെ 'ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്നു' എന്ന നോവൽ 'Me grandad ad an Elephant!' എന്ന പേരിൽ ഇംഗ്ലീഷിലേയ്ക്ക് പരിഭാഷപ്പെടുത്തിയതാര്?

5. നാലപ്പാട്ടു നാരായണമേനോന്റെ 'പാവങ്ങൾ' ഏതു വിഖ്യാതകൃതിയുടെ വിവർത്തനമാണ്?

6. 1829 ൽ ബൈബിളിലെ പുതിയനിയമം മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്ത ക്രിസ്ത്യൻ മിഷണറി ആര്?

7. റൂബായിയാത്തിന് മലയാളത്തിലുണ്ടായിട്ടുള്ള ഏതെങ്കിലും രണ്ട് വിവർത്തനങ്ങളുടെ പേരെഴുതുക.

8. എഡ്വിൻ ആർനോൾഡിന്റെ 'The Light of Asia' എന്ന കൃതിക്ക് കുമാരനാശാൻ തയ്യാറാക്കിയ വിവർത്തനം.

9. 'കവിത വിവർത്തനക്ഷമമല്ല' എന്ന് അഭിപ്രായപ്പെട്ട പണ്ഡിതൻ ആര്?

10. കെ.ആർ. മീരയുടെ 'ആരാച്ചാർ' എന്ന നോവൽ 'Hangwoman' എന്ന പേരിൽ ഇംഗ്ലീഷിലേയ്ക്ക് വിവർത്തനം ചെയ്തതാര്?

**(10 × 1 = 10 Marks)**

II. **അമ്പതു** വാക്കിൽ കവിയാതെ **എട്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11. പുനരാഖ്യാനം, പുനഃസൃഷ്ടി - ഇവ തമ്മിലുള്ള വ്യത്യാസങ്ങൾ രേഖപ്പെടുത്തുക.

12. വിവർത്തനോപകരണം എന്ന നിലയിൽ നിഘണ്ടുവിനെ പരിചയപ്പെടുത്തുക.

13. വിവർത്തകർക്ക് സ്രോതഭാഷയിലും ലക്ഷ്യഭാഷയിലുമുള്ള പാണ്ഡിത്യം എത്രത്തോളം പ്രധാനമാണ്? പരിശോധിക്കുക.

14. പദാനുപദവിവർത്തനത്തിന്റെ പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കുക.

15. ലോക വിവർത്തനചരിത്രത്തിൽ അറബിക് ഭാഷയുടെ സ്ഥാനം നിർണയിക്കുക.

16. യന്ത്രവിവർത്തനം എന്നാലെന്ത്?

17. ഇംഗ്ലീഷ് ഭാഷയുടെ പ്രചാരം മലയാള വിവർത്തനത്തിന്റെ വളർച്ചയിൽ സ്വാധീനം ചെലുത്തിയതെങ്ങനെ?

18. ബൈബിൾ വിവർത്തനങ്ങളുടെ ഭാഷാപരമായ സവിശേഷതകൾ എന്തെല്ലാം?



St. Xavier's College

19. കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ വിവർത്തന സംഭാവനകൾ പരിചയപ്പെടുത്തുക.

20. മലയാളത്തിലെ ഗീതാഞ്ജലി വിവർത്തനങ്ങളെ പരിചയപ്പെടുത്തുക.

21. ശബ്ദകോശം എന്നാലെന്ത്?

22. വിവർത്തനത്തിന്റെ ഏകകങ്ങൾ ഏവ? വിശദീകരിക്കുക.

**(8 × 2 = 16 Marks)**

III. **നൂറു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

23. വിവർത്തനം ഒരു സാംസ്കാരികവിനിമയം കൂടിയാവുന്നതെങ്ങനെ? വിശകലനം ചെയ്യുക.

24. വിവർത്തനത്തെ സംബന്ധിച്ചുണ്ടായിട്ടുള്ള വിവിധ നിർവചനങ്ങൾ ക്രോഡീകരിക്കുക.

25. എഴുത്തച്ഛന്റെയും കുഞ്ചൻ നമ്പ്യാരുടെയും വിവർത്തന രീതികളെ താരതമ്യപ്പെടുത്തുക.

26. അനുഗതവിവർത്തനം, സ്വതന്ത്രവിവർത്തനം - ഇവ എന്തെന്ന് ഉദാഹരണ സഹിതം വിശദീകരിക്കുക.

27. മലയാളത്തിലെ പ്രമുഖ വിവർത്തകരെ പരിചയപ്പെടുത്തുക.

28. ഇതര ഭാരതീയ ഭാഷകളിലേയ്ക്ക് വിവർത്തനം ചെയ്യപ്പെട്ട പ്രധാന മലയാളകൃതികളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

29. മലയാളത്തിൽ നോവൽ സാഹിത്യം വികസ്വരമാവുന്നതിൽ വിവർത്തനത്തിനുള്ള പങ്ക് ചർച്ച ചെയ്യുക.

30. കവിതാവിവർത്തനത്തിൽ നേരിടാവുന്ന വൈഷമ്യങ്ങൾ എന്തെല്ലാം?

31. മലയാളത്തിലെ സംസ്കൃത നാടകവിവർത്തനങ്ങളെക്കുറിച്ച് കുറിപ്പു തയ്യാറാക്കുക.

**(6 × 4 = 24 Marks)**